# മൂന്ന്
## അടിത്തറകൾ

മുഹമ്മദ് ബ്നു
അബ്ദിൽ വഹ്ഹാബ്

**മൂന്ന് അടിസ്ഥാന കാര്യങ്ങളും അതിനുള്ള തെളിവുകളും**

ഗ്രന്ഥകർത്താവ്

**ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബ്നു അബ്ദിൽ വഹ്ഹാബ്**


شركاء التنفيذ:

المحتوى الإسلامي    رواد الترجمة    جمعية الربوة    دار الإسلام

ISLAM HOUSE .com



يتاح طباعة هذا الإصدار ونشره بأي وسيلة مع

الالتزام بالإشارة إلى المصدر وعدم التغيير في النص.



Telephone: +966114454900

ceo@rabwah.sa

P.O.BOX: 29465

RIYADH: 11557

www.islamhouse.com

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

# ആമുഖം (പ്രസാധകൻ)

പരമകാരുണികനും കരുണ ചൊരിയുന്നവനുമായ അല്ലാഹുവിന്റെ നാമത്തിൽ

സർവസ്തുതിയും ലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും രക്ഷയും നമ്മുടെ പ്രവാചകരായ മുഹമ്മദ് -ﷺ- യുടെ മേലും, അവിടുത്തെ കുടുംബത്തിന്റെയും അനുചരന്മാരുടെയും മേലും, അവസാന നാൾ വരെ നബി-ﷺ-യുടെ ചര്യ പിന്തുടരുവരുടെ മേലും ഉണ്ടാവട്ടെ.

ഒരു മുസ്‌ലിം ഏറ്റവും പ്രാധാന്യം നൽകേണ്ടതും ഏറ്റവും താൽപര്യം കാണിക്കേണ്ടതുമായ വിഷയം വിശ്വാസപരമായ കാര്യങ്ങളും ആരാധനയുടെ അടിസ്ഥാനപരമായ കാര്യങ്ങളുമാണ്. കലർപ്പില്ലാത്ത വിശ്വാസം സ്വീകരിക്കുകയും നബി-ﷺ-യെ പിൻപറ്റുകയും ചെയ്യുക. അവ രണ്ടും ഉണ്ടായാൽ മാത്രമാണ് പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയും ഉപകാരപ്രദമാവുകയും ചെയ്യുക.

നേരായ പാതയുടെ നേതാക്കന്മാരായ പണ്ഡിതന്മാരെ നിശ്ചയിച്ചുകൊണ്ട് അല്ലാഹു ഈ ഉമ്മത്തിനെ ആദരിച്ചിരിക്കുന്നു. ഇരുണ്ട രാത്രിയിലെ വിളക്കുകൾ പോലുള്ള ആ മ

ഹാന്മാരെ നമുക്ക് ഏർപെടുത്തിത്തന്നു എന്നത് അല്ലാഹു ഈ സമുദായത്തിന് നൽകിയ അനുഗ്രഹമാണ്.

അവർ യഥാർത്ഥ മാർഗം നമുക്ക് കാണിച്ചു തന്നു. ചെറുതും വലുതുമായ വിഷയങ്ങളിലെല്ലാം ഉപകാരപ്രദവും അല്ലാത്തവയുമായ കാര്യങ്ങൾ അവർ നമുക്ക് വിവരിച്ചുതന്നു. ചെയ്യേണ്ട കാര്യങ്ങളും ഒഴിവാക്കേണ്ട കാര്യങ്ങളും പറഞ്ഞു തന്നു. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ചെയ്ത ഈ സേവനത്തിന് അല്ലാഹു അവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകട്ടെ.

സന്മാർഗത്തിന്റെ വഴി വെട്ടിത്തെളിയിച്ചുതന്ന മഹാന്മാരായ ഇമാമുകളിൽപെട്ട ഒരാളാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബ്നു അബ്ദിൽ വഹാബ് -അല്ലാഹു അദ്ദേഹത്തിന് അർഹമായ പ്രതിഫലം നല്കുകയും വിചാരണ കൂടാതെ അവന്റെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യട്ടെ-. തെളിവിന്റെ അടിസ്ഥാനത്തിൽ സത്യത്തെ വിശദീകരിക്കാൻ അദ്ദേഹം പരിശ്രമിച്ചു. അതിനായി തന്റെ നാവും പേനയും ആയുധവും അദ്ദേഹം ഉപയോഗിച്ചു. അദ്ദേഹം മുഖേന ഒരുപാട് ജനസമൂഹങ്ങളെ അല്ലാഹു കുഫ്റിന്റെയും അജ്ഞതയുടെയും ഇരുട്ടുകളിൽ നിന്ന് അറിവിന്റെയും ഈമാനിന്റെയും പ്രകാശത്തിലേക്ക് നയിച്ചു.

മഹാനവർകളുടെ മൂന്ന് ലേഖനങ്ങൾ ഉൾകൊള്ളുന്ന ഒരു ഗ്രന്ഥമാണ് നമ്മുടെ മുമ്പിലുള്ളത്.

1- മൂന്ന് അടിസ്ഥാനങ്ങളും അതിന്റെ തെളിവുകളും.

2- നിസ്കാരം; ശർതുകളും വാജിബുകളും റുക്നുകളും.

3- നാല് അടിസ്ഥാനങ്ങൾ.

അദ്ദേഹത്തിന്റെ കൃതികളിൽ ഏറെ പ്രധാനപ്പെട്ടതാണ് ഈ മൂന്ന് ഗ്രന്ഥങ്ങളും. അഖീദയുടെയും ഇബാദത്തിന്റെയും അടിസ്ഥാനപരമായ കാര്യങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. തന്റെ ദീനുമായി ബന്ധപ്പെട്ട് ഓരോ മുസ്ലിമും മനസ്സിലാക്കേണ്ടതും പ്രവർത്തിക്കേണ്ടതുമായ അറിവുകളാണ് ഈ ലേഖനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ശിർകിന്റെ പ്രബോധകർ ഉണ്ടാക്കുന്ന ആശയക്കുഴപ്പങ്ങളെക്കുറിച്ച് മുസ്ലിമിനെ താക്കീത് ചെയ്യുന്ന ഗ്രന്ഥങ്ങളാണിവ. ശിർക് റുബൂബിയത്തിൽ (സൃഷ്ടി കർതൃത്വത്തിൽ) മാത്രം പരിമിതപ്പെടുത്തുന്നതിന്റെ അബദ്ധങ്ങൾ വ്യക്തമാക്കുകയും, അവരുണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾക്ക് ഖുർആനിന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ മറുപടി പറയുകയും ചെയ്യുന്നു.

വിശ്വാസപരമായ കാര്യങ്ങൾ ലളിതമായ വിവരണ ശൈലിയിൽ തുടക്കക്കാർക്കുപോലും മനസ്സിലാക്കാവുന്ന രീതിയിലാണ് മഹാനവർകൾ ഈ ലേഖനങ്ങൾ തയാറാക്കിയത്. അങ്ങനെ ശൈഖിന്റെ ശ്രമഫലമായി ചുരുങ്ങിയതും മനോഹരവുമായ രൂപത്തിൽ ഈ പുസ്തകങ്ങൾ പുറത്തിറങ്ങി. ചെറിയ പ്രായത്തിലുള്ളവർക്കു പോലും ഇത് മനസിലാക്കാൻ പ്രയാസമില്ല. മുതിർന്നവർക്കും ആവശ്യമുള്ള ഗ്രന്ഥങ്ങൾ തന്നെയാണിത്. ഇതിന്റെ ഉള്ളടക്കത്തിന്റെ ഗാംഭീര്യവും പ്രാധാന്യവും കൊണ്ട് ഈ കിതാബുകൾ അങ്ങേയറ്റം ഉപകാരപ്രദമായിത്തീർന്നു.

ഈ പുസ്തകത്തിന്റെ ഉള്ളടക്കം അങ്ങേയറ്റം പ്രാധാന്യമുള്ളതാണ്. അതോടൊപ്പം ഇവയുടെ ശൈലി ഏറെ സരളവും. അതിനാൽ ഈ കൃതികൾ കൊണ്ടുള്ള പ്രയോജനം ഏറെ വലുതാണ്. സുഊദി മതകാര്യ വകുപ്പ് ഇക്കാര്യം മന

സിലാക്കിയതിനാൽ ഇവ പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടത് ഞങ്ങളുടെ നിർബന്ധ ബാധ്യതയായി കാണുന്നു.

അല്ലാഹുവിന്റെ നേരായ ദീനിലേക്ക് ക്ഷണിക്കാനുള്ള യുക്തിപൂർവകവും സുരക്ഷിതവുമായ മാർഗമാകുമത്. അല്ലാഹുനോടും അവന്റെ ഗ്രന്ഥത്തോടും അവന്റെ റസൂലിനോടും മുസ്ലിംകളോടുമുള്ള ഗുണകാംക്ഷയുടെ ഭാഗവുമാണത്.

എല്ലാ മുസ്ലിംകൾക്കും അല്ലാഹു അവന്റെ ദീനിൽ അവഗാഹം നേടുവാനും, അവന്റെ കിതാബിന്റെയും, റസൂലിന്റെ സുന്നത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനും അല്ലാഹു തൗഫീഖ് ചെയ്യട്ടെ. തീർച്ചയായും അവൻ പ്രാർത്ഥനക്കുത്തരം നൽകുന്നവനാണ്.

മുഹമ്മദ് നബിക്കും അവിടുത്തെ പിൻപറ്റിയവർക്കും അനുചരന്മാർക്കും മേൽ അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാകട്ടെ.

മതകാര്യ വകുപ്പ് വകീൽ

ഡോ. അബ്ദുല്ല ബിൻ അഹ്മദ് സൈദ്

# ഒരു മുസ്‌ലിം അനിവാര്യമായി പഠിക്കേണ്ട കാര്യങ്ങൾ

പരമകാരുണികനും കരുണ ചൊരിയുന്നവനുമായ അല്ലാഹുവിന്റെ നാമത്തിൽ

നീ അറിയുക! -അല്ലാഹു നിനക്ക് കാരുണ്യമേകട്ടെ- നാല് കാര്യങ്ങൾ അറിയുക എന്നത് നമ്മുടെ മേൽ നിർബന്ധമാകുന്നു.

**ഒന്ന്:** അറിവ് നേടൽ. അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും ഇസ്ലാമിനെയും കുറിച്ച് തെളിവുകളോടെ പഠിക്കുക എന്നതാണ് അറിവ് കൊണ്ട് ഉദ്ദേശ്യം.

**രണ്ട്:** ആ അറിവനുസരിച്ചുള്ള പ്രവർത്തനം.

**മൂന്ന്:** ആ മാർഗ്ഗത്തിലേക്കുള്ള ക്ഷണം.

**നാല്:** ആ മാർഗ്ഗത്തിലനുഭവപ്പെടുന്ന പ്രയാസങ്ങളിൽ ക്ഷമിക്കൽ.

ഈ പറഞ്ഞതിനുള്ള തെളിവ് അല്ലാഹുവിന്റെ വാക്കാണ്. അല്ലാഹു പറയുന്നു:

പരമകാരുണികനും കരുണ ചൊരിയുന്നവനുമായ അല്ലാഹുവിന്റെ നാമത്തിൽ.

﴿وَٱلۡعَصۡرِ ۝١ إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ ۝٢ إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ بِٱلصَّبۡرِ ۝٣﴾

“കാലം തന്നെയാണ സത്യം തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു (അല്ലാഹുവിലും അവന്റെ ദീനിലും) വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും, ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.” [1]

ഇമാം ശാഫിഈ -ﷺ- പറഞ്ഞു: അല്ലാഹു അവന്റെ സൃഷ്ടികളുടെ മേൽ തെളിവായി ഈ സൂറത്തല്ലാതെ മറ്റൊന്നും ഇറക്കിയില്ലായിരുന്നുവെങ്കിൽ ഇത് തന്നെ അവർക്ക് മതിയാകുമായിരുന്നു.

ഇമാം ബുഖാരി -ﷺ- പറഞ്ഞു: "അറിവ് പ്രവർത്തനത്തിന്റെയും വാക്കിന്റെയും മുമ്പാകുന്നു എന്നറിയിക്കുന്ന അദ്ധ്യായം.

അല്ലാഹു പറഞ്ഞു:

﴿فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ﴾

"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുകയും ചെയ്യുക." വാക്കിനും പ്രവർത്തനത്തിനും മുൻപ് അറിവാണ് അല്ലാഹു ഇവിടെ ആദ്യം പരാമർശിച്ചത്."

[1] അസ്ർ: 1-3.

നീ അറിയുക: -അല്ലാഹു നിനക്ക് കാരുണ്യമേകട്ടെ- മൂന്ന് കാര്യങ്ങൾ അറിയലും അതനുസരിച്ച് പ്രവർത്തിക്കലും ഓരോ മുസ്‌ലിം പുരുഷന്റെയും സ്ത്രീയുടെയും ബാധ്യതയാണ്.

**ഒന്ന്:** അല്ലാഹുവാണ് നമ്മെ സൃഷ്ടിച്ചതും ഭക്ഷണം നൽകുന്നതും. അവൻ നമ്മെ വെറുതെ ഉപേക്ഷിക്കാതെ നമ്മിലേക്ക് റസൂലിനെ നിയോഗിച്ചു.

റസൂലിനെ അനുസരിച്ചവൻ സ്വർഗത്തിലും ധിക്കരിച്ചവൻ നരകത്തിലും പ്രവേശിക്കും. അതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്:

﴿ إِنَّآ أَرۡسَلۡنَآ إِلَيۡكُمۡ رَسُولٗا شَٰهِدًا عَلَيۡكُمۡ كَمَآ أَرۡسَلۡنَآ إِلَىٰ فِرۡعَوۡنَ رَسُولٗا ١٥ فَعَصَىٰ فِرۡعَوۡنُ ٱلرَّسُولَ فَأَخَذۡنَٰهُ أَخۡذٗا وَبِيلٗا ١٦ ﴾

"തീർച്ചയായും നിങ്ങളിലേക്ക് നിങ്ങളുടെ കാര്യത്തിന് സാക്ഷിയായിട്ടുള്ള ഒരു ദൂതനെ നാം നിയോഗിച്ചിരിക്കുന്നു. ഫിർഔന്റെ അടുത്തേക്ക് നാം ഒരു ദൂതനെ നിയോഗിച്ചത് പോലെത്തന്നെ. എന്നിട്ട് ഫിർഔൻ ആ ദൂതനോട് ധിക്കാരം കാണിച്ചു. അപ്പോൾ നാം അവനെ കടുത്ത ഒരു പിടുത്തം പിടിക്കുകയുണ്ടായി." [1]

**രണ്ട്:** അല്ലാഹുവിനോടൊപ്പം അവനുള്ള ആരാധനയിൽ ആരെയെങ്കിലും പങ്ക് ചേർക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല; (പങ്കുചേർക്കപ്പെടുന്നത്) അല്ലാഹുവിനോട് അടു

[1] മുസ്സമ്മിൽ: 15-16.

പ്പമുള്ള മലക്കുകളോ അവൻ നിയോഗിച്ച പ്രവാചകന്മാരോ ആണെങ്കിൽ പോലും.

അതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്.

﴿وَأَنَّ ٱلْمَسَـٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا ١٨﴾

"മസ്ജിദുകൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്." [1]

**മൂന്ന്:** അല്ലാഹുവിനെ ഏകനാക്കുകയും പ്രവാചകനെ അനുസരിക്കുകയും ചെയ്ത ഒരാൾക്ക് അല്ലാഹുവിനോടും റസൂലിനോടും ശത്രുത പുലർത്തുന്ന ഒരാളുമായി സ്നേഹ ബന്ധം പുലർത്തൽ അനുവദനീയമല്ല; അവൻ ഏറ്റവും അടുത്ത ബന്ധുവാണെങ്കിൽ പോലും. അല്ലാഹുവിന്റെ വചനമാണ് അതിനുള്ള തെളിവ്. അവൻ പറയുന്നു:

﴿لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوْ كَانُوٓا۟ ءَابَآءَهُمْ أَوْ أَبْنَآءَهُمْ أَوْ إِخْوَٰنَهُمْ أَوْ عَشِيرَتَهُمْ ۚ أُو۟لَـٰٓئِكَ كَتَبَ فِى قُلُوبِهِمُ ٱلْإِيمَـٰنَ وَأَيَّدَهُم بِرُوحٍ مِّنْهُ ۖ وَيُدْخِلُهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ رَضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ أُو۟لَـٰٓئِكَ حِزْبُ ٱللَّهِ ۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ٢٢﴾

---

[1] ജിന്ന്: 18.

"അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്ത് നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രൻമാരോ സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും.

അത്തരക്കാരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം രേഖപ്പെടുത്തുകയും അവന്റെ പക്കൽ നിന്നുള്ള ഒരാത്മ ചൈതന്യം കൊണ്ട് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവൻ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും.

അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അത്തരക്കാരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക: തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ." [1]

ചൊവ്വായ പാത ഇബ്രാഹീം -ﷺ- ന്റെ പാതയാകുന്നു. അത് അല്ലാഹുവിനെ മാത്രം ആരാധിക്കലാകുന്നു.

---

[1] മുജാദല: 22.

നീ അറിയുക: -അല്ലാഹു അവനെ അനുസരിക്കുന്നതിലേക്ക് നിന്നെ വഴിനടത്തട്ടെ- ചൊവ്വായ പാതയെന്നാൽ ഇബ്രാഹീം -ﷺ- ന്റെ പാതയാകുന്നു.

അല്ലാഹുവിനെ മാത്രം നിഷ്കളങ്കമായി കീഴ്പെട്ടുകൊണ്ട് അവനെ മാത്രം ആരാധിക്കലാകുന്നു ആ പാത. അതാകുന്നു അല്ലാഹു മുഴുവൻ മനുഷ്യരോടും കൽപിച്ചതും, അതിന് വേണ്ടിയാകുന്നു അവരെ സൃഷ്ടിച്ചതും.

അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ۝٥٦﴾

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." [1] എന്നെ മാത്രം ആരാധിക്കാൻ വേണ്ടിയല്ലാതെ എന്നത് കൊണ്ട് ഉദ്ദേശം എന്നെ ഏകാനാക്കുക എന്നതാണ്.

അല്ലാഹു കൽപിച്ചതിൽ ഏറ്റവും മഹത്തായത് തൗഹീദാകുന്നു. അത് ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലാകുന്നു. അവൻ വിരോധിച്ചതിൽ ഏറ്റവും കഠിനമായത് ശിർക്കാകുന്നു. അത് അവനോടൊപ്പം മറ്റുള്ളവരെ വിളിച്ച് പ്രാർത്ഥിക്കലാകുന്നു.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

﴿۞ وَٱعْبُدُوا۟ ٱللَّهَ وَلَا تُشْرِكُوا۟ بِهِۦ شَيْـًٔا﴾

[1] ദാരിയാത്: 56.

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ മറ്റൊന്നിനെയും നിങ്ങൾ പങ്ക് ചേർക്കരുത്." [1]

[1] നിസാഅ്: 36.

ഒരു മനുഷ്യൻ അറിയൽ നിർബന്ധമായ മൂന്ന് അടിസ്ഥാന കാര്യങ്ങൾ ഏതാണ് എന്ന് ചോദിക്കപ്പെട്ടാൽ നീ പറയുക:

ഒരടിമ അവന്റെ രക്ഷിതാവിനെയും അവന്റെ മതത്തെയും അവന്റെ പ്രവാചകൻ മുഹമ്മദ് നബി-ﷺ-യെയും കുറിച്ച് അറിയലാകുന്നു (ആ മൂന്ന് അടിസ്ഥാനങ്ങൾ).

നിന്റെ രക്ഷിതാവ് ആരാകുന്നു എന്ന് ചോദിക്കപ്പെട്ടാൽ നീ പറയുക:

എന്റെ രക്ഷിതാവ് എന്നെയും മുഴുലോകരെയും അവന്റെ അനുഗ്രഹത്താൽ പരിപാലിക്കുന്ന അല്ലാഹുവാകുന്നു. അവനാകുന്നു എന്റെ ആരാധ്യൻ. അവനല്ലാതെ എനിക്ക് മറ്റൊരാരാധ്യനുമില്ല.

ഇതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

﴿ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ٢ ﴾

"സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു." [1]

അല്ലാഹു 'ആലമി'ന്റെ -അഥവാ ലോകങ്ങളുടെ- റബ്ബാകുന്നു. അവനല്ലാത്ത എല്ലാം ലോകങ്ങളിൽ പെട്ടതാകുന്നു. ഞാനാകട്ടെ ആ ലോകത്തിലെ ഒരുവനും.

---

[1] ഫാതിഹഃ: 2.

നിന്റെ രക്ഷിതാവിനെ എങ്ങിനെയാണ് നീ അറിഞ്ഞത് എന്ന് ചോദിക്കപ്പെട്ടാൽ നീ പറയുക; അവന്റെ ദൃഷ്ടാന്തങ്ങളിലൂടെയും സൃഷ്ടികളിലൂടെയുമാണ് (ഞാൻ അവനെ അറിഞ്ഞത്).

രാത്രിയും പകലും സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളാണ്. ഏഴാകാശങ്ങളും ഏഴു ഭൂമികളും അവയിലുള്ളതും അവക്കിടയിലുള്ളതും അവന്റെ സൃഷ്ടികളുമാണ്.

അല്ലാഹുവിന്റെ വചനമാണ് ഇതിനുള്ള തെളിവ്. അവൻ പറയുന്നു:

﴿وَمِنْ ءَايَـٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿٣٧﴾﴾

"അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ ചന്ദ്രനോ നിങ്ങൾ സുജൂദ് ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ സുജൂദ് ചെയ്യുക. നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ." [1]

﴿إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ يُغْشِى ٱلَّيْلَ ٱلنَّهَارَ يَطْلُبُهُۥ حَثِيثًا وَٱلشَّمْسَ وَٱلْقَمَرَ وَٱلنُّجُومَ مُسَخَّرَٰتٍۭ بِأَمْرِهِۦٓ ۗ أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ ۗ تَبَارَكَ ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٥٤﴾﴾

---

[1] ഫുസ്സിലത്: 37.

"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറുദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനത്തിൽ ആരോഹണം ചെയ്തിരിക്കുന്നു. രാത്രിയെകൊണ്ട് അവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിചെല്ലുന്നു.

സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും അവന്റെ കൽപനക്ക് വിധേയമാക്കപ്പെട്ട നിലയിൽ അവൻ സൃഷ്ടിച്ചിരിക്കുന്നു. അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്ന് തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു." [1]

റബ്ബ് അഥവാ രക്ഷിതാവ് അവൻ ആരാധിക്കപ്പെടേണ്ടവനാകുന്നു. അല്ലാഹു പറഞ്ഞു:

﴿يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ٱلَّذِي خَلَقَكُمۡ وَٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ٢١ ٱلَّذِي جَعَلَ لَكُمُ ٱلۡأَرۡضَ فِرَٰشٗا وَٱلسَّمَآءَ بِنَآءٗ وَأَنزَلَ مِنَ ٱلسَّمَآءِ مَآءٗ فَأَخۡرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزۡقٗا لَّكُمۡۖ فَلَا تَجۡعَلُواْ لِلَّهِ أَندَادٗا وَأَنتُمۡ تَعۡلَمُونَ ٢٢﴾

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്.

നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം

[1] അഅ്റാഫ്: 54.

ചൊരിഞ്ഞുതന്നിട്ട് അതു മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉല്പാദിപ്പിച്ചു തരികയും ചെയ്തവനെ. അതിനാൽ ഇതെല്ലാം അറിഞ്ഞു കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്." [1]

ഇബ്ന് കഥീർ -ﷺ- പറഞ്ഞു: ഇതിനെയെല്ലാം സൃഷ്ടിച്ചവനാരോ അവനാകുന്നു ആരാധനക്കർഹൻ.

[1] ബഖറഃ: 21-22.

# അല്ലാഹു കൽപിച്ച ആരാധനകളുടെ ഇനങ്ങൾ

അല്ലാഹു കൽപിച്ച ആരാധനകളുടെ ഇനങ്ങളാകുന്നു ഇസ്‌ലാമും ഈമാനും ഇഹ്സാനും.

അതിൽ പെട്ടതാകുന്നു പ്രാർത്ഥന, ഭയം, പ്രതീക്ഷ, ഭരമേൽപിക്കൽ, ആഗ്രഹം, പേടി, ഭയഭക്തി, അവനിലേക്കുള്ള മടക്കവും സഹായാഭ്യർത്ഥനയും ശരണം തേടലും സഹായം തേടലും നേർച്ചയും അറവും മറ്റ് അല്ലാഹു കൽപിച്ച ആരാധനകൾ മുഴുവനും.

﴿وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا ١٨﴾

"മസ്ജിദുകൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിനോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്." [1]

ആരെങ്കിലും ഇബാദത്തുകളിൽ നിന്ന് വല്ലതും അല്ലാഹുവല്ലാത്തവർക്ക് സമർപ്പിച്ചാൽ അവൻ മുശ്‌രികും കാഫിറുമാകുന്നു.

അല്ലാഹുവിന്റെ വചനമാണ് ഈ പറഞ്ഞതിനുള്ള തെളിവ്. അല്ലാഹു പറയുന്നു:

---

[1] ജിന്ന്: 18.

﴿وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ﴿١١٧﴾﴾

"വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ആരാധ്യനെയും വിളിച്ച് പ്രാർത്ഥിക്കുന്നപക്ഷം - അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ലതന്നെ - അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽവെച്ച് തന്നെയായിരിക്കും. കാഫിറുകൾ വിജയം പ്രാപിക്കുകയില്ല; തീർച്ച." [1]

നബി -ﷺ- പറഞ്ഞു:

«الدُّعَاءُ مُخُّ العِبَادَةِ»

"പ്രാർത്ഥന ആരാധനയുടെ മജ്ജയാകുന്നു." [2]

(പ്രാർത്ഥന ആരാധനയാണ് എന്നതിനുള്ള) തെളിവ് അല്ലാഹുവിൻ്റെ വാക്കാണ്:

﴿وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾﴾

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം.

---

1 മുഅ്മിനൂൻ: 117.

2 തിർമിദി: 3371.

എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച.'' [1]

ഭയം (الخوف) ഇബാദത്താണ് എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്:

﴿فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ ١٧٥﴾

''നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.'' [2]

പ്രതീക്ഷ (الرجاء) ഇബാദത്താണ് എന്നതിനുള്ള തെളിവാണ് അല്ലാഹുവിന്റെ ഈ വചനം:

﴿فَمَن كَانَ يَرْجُوا لِقَاءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا ١١٠﴾

''വല്ലവനും തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുന്നത് പ്രതീക്ഷിക്കുന്നുവെങ്കിൽ അവൻ സൽക്കർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്ത് കൊള്ളട്ടെ.'' [3]

---

[1] ഗാഫിർ: 60.

[2] ആലു ഇമ്രാൻ: 175.

[3] കഹ്ഫ്: 110.

ഭരമേല്പിക്കൽ (التوكل) ഇബാദത്താണെന്നതിനുള്ള തെളിവാണ് അല്ലാഹുവിന്റെ ഈ വചനം:

﴿وَعَلَى ٱللَّهِ فَتَوَكَّلُوٓاْ إِن كُنتُم مُّؤۡمِنِينَ ٢٣﴾

"നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുക." [1]

﴿وَمَن يَتَوَكَّلۡ عَلَى ٱللَّهِ فَهُوَ حَسۡبُهُۥٓ﴾

"വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നുവെങ്കിൽ അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്." [2]

അല്ലാഹുവിന്റെ അനുഗ്രഹം ആശിച്ചു കൊണ്ട് അത് തേടലും (الرغبة), അല്ലാഹുവിന്റെ ശിക്ഷ ഭയപ്പെടലും (الرهبة), അല്ലാഹുവിന് കീഴൊതുങ്ങലും (الخشوع) ഇബാദതുകളാണ് എന്നതിനുള്ള തെളിവാണ് അല്ലാഹുവിന്റെ ഈ വചനം:

﴿إِنَّهُمۡ كَانُواْ يُسَٰرِعُونَ فِي ٱلۡخَيۡرَٰتِ وَيَدۡعُونَنَا رَغَبٗا وَرَهَبٗاۖ وَكَانُواْ لَنَا خَٰشِعِينَ ٩٠﴾

"തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതി കാണിക്കുകയും, ആശിച്ചുകൊണ്ടും പേടിച്ചു

[1] മാഇദ: 23.

[2] ത്വലാഖ്: 3.

കൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു." [1]

അല്ലാഹുവിനെ അറിഞ്ഞുകൊണ്ട് അവനെ ഭയപ്പെടൽ (الخشية) ഇബാദത്താണ് തെളിവാണ് അല്ലാഹുവിന്റെ ഈ വചനം:

﴿فَلَا تَخْشَوْهُمْ وَٱخْشَوْنِ﴾

"അതിനാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക." [2]

അല്ലാഹുവിലേക്ക് താഴ്മയോടെ മടങ്ങൽ (الإنابة) ഇബാദത്താണ് എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

﴿وَأَنِيبُوٓا۟ إِلَىٰ رَبِّكُمْ وَأَسْلِمُوا۟ لَهُۥ﴾

"നിങ്ങൾ അല്ലാഹുവിലേക്ക് താഴ്മയോടെ മടങ്ങുകയും അവന് കീഴ്പെടുകയും ചെയ്യുക." [3]

സഹായതേട്ടം (الاستعانة) ഇബാദത്താണ് എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

﴿إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝٥﴾

---

[1] അമ്പിയാഅ്: 90.

[2] മാഇദ: 3.

[3] സുമർ: 54.

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു." [1]

നബി -ﷺ- പറഞ്ഞു:

«وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ»

"നീ സഹായം ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം ചോദിക്കുക." [2]

രക്ഷ തേടൽ ഇബാദത്താണ് എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

﴿قُلْ أَعُوذُ بِرَبِّ ٱلنَّاسِ ۝١ مَلِكِ ٱلنَّاسِ ۝٢﴾

"പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ രാജാവുമായവനോട്." [3]

'ഇസ്തിഗാഥ' അഥവാ പ്രയാസഘട്ടങ്ങളിൽ സഹായം ചോദിക്കൽ ഇബാദത്താണ് എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

﴿إِذْ تَسْتَغِيثُونَ رَبَّكُمْ فَٱسْتَجَابَ لَكُمْ﴾

"നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയ സന്ദർഭം! അപ്പോൾ നിങ്ങൾക്കവൻ ഉത്തരം നൽകി." [1]

---

[1] ഫാതിഹഃ: 5.

[2] തിർമിദി: 2516, അഹ്മദ്: 1/308.

[3] നാസ്: 1-2.

ബലിയർപ്പിക്കൽ ഇബാദത്താണ് എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

﴿قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ﴿١٦٢﴾ لَا شَرِيكَ لَهُ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ﴿١٦٣﴾﴾

"പറയുക: തീർച്ചയായും എന്റെ നിസ്കാരവും എന്റെ ബലികർമവും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. അവന്ന് കീഴ്പെടുന്നതിൽ ഞാൻ ഒന്നാമനാണ്." [2]

ഹദീസിൽ ഇങ്ങനെ കാണാം:

«لَعَنَ اللَّهُ مَنْ ذَبَحَ لِغَيْرِ اللَّهِ»

"അല്ലാഹുവല്ലാത്തവർക്ക് വേണ്ടി ബലിയർപ്പിച്ചവനെ അല്ലാഹു ശപിച്ചിരിക്കുന്നു." [3]

നേർച്ച ഇബാദത്താണെന്നതിനുള്ള തെളിവാണ് അല്ലാഹുവിന്റെ ഈ വചനം:

﴿يُوفُونَ بِالنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُ مُسْتَطِيرًا ﴿٧﴾﴾

---

[1] അൻഫാൽ: 9.

[2] അൻആം: 162-163.

[3] മുസ്ലിം: 1978, നസാഇ:4422, അഹ്മദ്: 1/118.

"നേർച്ച അവർ നിറവേറ്റുകയും ആപത്ത് പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും." [1]

[1] ഇൻസാൻ: 7.

# ഇസ്‌ലാമിനെ അറിയൽ

രണ്ടാമത്തെ അടിസ്ഥാന കാര്യം; ഇസ്‌ലാമിനെ അതിന്റെ തെളിവുകൾ സഹിതം അറിയലാകുന്നു.

ഇസ്‌ലാം എന്നാൽ; അല്ലാഹുവിനെ ഏകനാക്കികൊണ്ട് അവന് സ്വന്തത്തെ പൂർണമായി സമർപ്പിക്കലും, അനുസരണയോടെ അവന് കീഴ്പെടലും, ശിർക്കിൽ നിന്നും അതിന്റെ ആളുകളിൽ നിന്നും ബന്ധം വിച്ഛേദിക്കലുമാകുന്നു.

ഇസ്‌ലാമിന് മൂന്ന് പദവികളുണ്ട്:

ഇസ്‌ലാം, ഈമാൻ, ഇഹ്സാൻ എന്നിവയാണ് ആ മൂന്ന് പടികൾ. ഓരോ പദവികൾക്കും അതിന്റേതായ അടിസ്ഥാന സ്തംഭങ്ങളുണ്ട്.

ഒന്നാമത്തെ പടി ഇസ്‌ലാമാകുന്നു.

ഇസ്‌ലാമിന്റെ അടിസ്ഥാന സ്തംഭങ്ങൾ അഞ്ചാകുന്നു: അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല എന്നും മുഹമ്മദ് നബി-ﷺ- അല്ലാഹുവിന്റെ ദൂതനാകുന്നു എന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, റമദാൻ മാസം നോമ്പനുഷ്ഠിക്കുക, ഹജ്ജ് കർമ്മം നിർവ്വഹിക്കുക എന്നിവയാകുന്നു അത്.

ഒന്നാമത്തെ അടിസ്ഥാന സ്തംഭമായ ശഹാദത് കലിമയുടെ (സാക്ഷ്യവചനം) തെളിവ് അല്ലാഹുവിന്റെ വചനമാണ്.

﴿شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلْمَلَٰٓئِكَةُ وَأُو۟لُوا۟ ٱلْعِلْمِ قَآئِمًۢا
بِٱلْقِسْطِ ۚ لَآ إِلَٰهَ إِلَّا هُوَ ٱلْعَزِيزُ ٱلْحَكِيمُ ١٨﴾

"അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്ന തിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അ റിവുള്ളവരും (അതിന് സാക്ഷികളാകുന്നു). അവൻ നീതി നിർവ്വഹിക്കുന്നവനത്രെ. അവനല്ലാതെ ആരാധനക്കർഹ നായി മറ്റാരുമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ." [1]

അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എ ന്നാണ് (لا إله إلا الله) എന്നതിന്റെ അർഥം. 'ലാഇലാഹ' എന്ന ആദ്യ ഭാഗം അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന മുഴുവ ൻ ആരാധ്യരെയും നിഷേധിക്കുന്നു. 'ഇല്ലല്ലാഹു' എന്നത് അല്ലാഹുവിനു മാത്രമായി ആരാധനയെ സ്ഥാപിക്കുന്നു.

ആരാധനയിൽ അവന് ഒരു പങ്കുകാരനുമില്ല, ആധിപത്യ ത്തിൽ അവന് പങ്കുകാരില്ലാത്തപോലെ. ഇത് ഖുർആൻ വ്യ ക്തമാക്കുന്നത് കാണുക:

﴿وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ ﴿٢٦﴾ إِلَّا ٱلَّذِى فَطَرَنِى فَإِنَّهُۥ سَيَهْدِينِ ﴿٢٧﴾ وَجَعَلَهَا كَلِمَةًۢ بَاقِيَةً فِى عَقِبِهِۦ لَعَلَّهُمْ يَرْجِعُونَ ﴿٢٨﴾﴾

"ഇബ്റാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്ര കാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു): തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ബന്ധം ഒഴിഞ്ഞ വനാകുന്നു. എന്നെ സൃഷ്ടിച്ചവനോട് ഒഴികെ. കാരണം തീർ ച്ചയായും അവൻ എനിക്ക് മാർഗദർശനം നൽകുന്നതാണ്.

അദ്ദേഹത്തിന്റെ പിൻഗാമികൾ (സത്യത്തിലേക്കു) മട ങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അവർ

[1] ആലു ഇമ്രാൻ: 18.

ക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു." [1]

അല്ലാഹു പറഞ്ഞു:

﴿قُلْ يَٰٓأَهْلَ ٱلْكِتَٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ ٱللَّهِ ۚ فَإِن تَوَلَّوْا۟ فَقُولُوا۟ ٱشْهَدُوا۟ بِأَنَّا مُسْلِمُونَ ﴿٦٤﴾﴾

"(നബിയേ) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും നാം പങ്ക് ചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്).

എന്നിട്ട് അവർ പിന്തിരിയുന്നപക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്) കീഴ്പെട്ടവരാണ് എന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക." [2]

മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണ് എന്ന് സാക്ഷ്യം വഹിക്കേണ്ടതുണ്ട് എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്.

---

[1] സുഖ്റുഫ്: 26-28.

[2] ആലു ഇമ്രാൻ: 64.

﴿لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾﴾

"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്ത്യം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം." [1]

മുഹമ്മദ് നബി-ﷺ- അല്ലാഹുവിന്റെ ദൂതനാണ് എന്ന് സാക്ഷ്യം വഹിക്കുക എന്നാൽ നബി കൽപിച്ചതിൽ അവിടുത്തെ അനുസരിക്കലും അവിടുന്ന് അറിയിച്ച കാര്യങ്ങൾ സത്യപ്പെടുത്തലും വിരോധിച്ചത് വെടിയലും നബി കാണിച്ചു തന്ന രൂപത്തിലല്ലാതെ അല്ലാഹുവിനെ ആരാധിക്കാതിരിക്കലുമാകുന്നു.

നമസ്കാരം, സക്കാത്ത്, തൗഹീദിന്റെ വ്യാഖ്യാനം എന്നിവയെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُوا۟ ٱلصَّلَوٰةَ وَيُؤْتُوا۟ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ ﴿٥﴾﴾

"കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കികൊണ്ട് (ശിർക്കിൽ നിന്ന് പൂർണമായി) അകന്ന നിലയിൽ അല്ലാഹുവിനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും,

---

[1] തൗബ: 128.

സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്ക പ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം." [1]

നോമ്പിനെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ١٨٣﴾

"സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽ പിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബ ന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധ യെ സൂക്ഷിക്കുവാൻ വേണ്ടിയത്രെയത്." [2]

ഹജ്ജിനെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلۡبَيۡتِ مَنِ ٱسۡتَطَاعَ إِلَيۡهِ سَبِيلٗاۚ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِيٌّ عَنِ ٱلۡعَٰلَمِينَ ٩٧﴾

"ആ മന്ദിരത്തിൽ (കഅ്ബ) എത്തിച്ചേരാൻ കഴിവുള്ള മ നുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർ ക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവി ശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരിൽ നിന്ന് ധന്യനാകു ന്നു." [3]

---

[1] ബയ്യിന: 5.

[2] അൽ ബഖറഃ: 183.

[3] ആലു ഇമ്രാൻ: 97.

ഇസ്‌ലാം ദീനിന്റെ രണ്ടാമത്തെ പടി ഈമാനാകുന്നു

ഈമാൻ എഴുപതിൽപരം ശാഖകളാകുന്നു. അതിൽ ഏറ്റവും ഉന്നതമായത് ലാ ഇലാഹ ഇല്ലല്ലാഹു എന്നതും, ഏറ്റവും താഴെയുള്ളത് വഴിയിൽ നിന്നും ഉപദ്രവങ്ങൾ നീക്കം ചെയ്യലുമാകുന്നു, ലജ്ജ ഈമാനിന്റെ ഒരു ശാഖയാകുന്നു.

ഈമാനിന്റെ അടിസ്ഥാനങ്ങൾ ആറെണ്ണമാകുന്നു: അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥ ളിലും അവന്റെ പ്രവാചകൻമാരിലും പരലോകത്തിലും അല്ലാഹുവിന്റെ ഖദ്റിലും -അതിലെ നന്മ-തിന്മകളിലും- ഉള്ള വിശ്വാസമാകുന്നു അത്.

ഈ ആറ് അടിസ്ഥാനങ്ങൾക്കുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്:

﴿لَّيْسَ ٱلْبِرَّ أَن تُوَلُّوا۟ وُجُوهَكُمْ قِبَلَ ٱلْمَشْرِقِ وَٱلْمَغْرِبِ وَلَـٰكِنَّ ٱلْبِرَّ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَٱلْمَلَـٰٓئِكَةِ وَٱلْكِتَـٰبِ وَٱلنَّبِيِّـۧنَ﴾

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കലാകുന്നു..." [1]

ഖദ്റിലുള്ള വിശ്വാസത്തിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്:

---

[1] അൽ ബഖറഃ: 177.

﴿ إِنَّا كُلَّ شَيْءٍ خَلَقْنَٰهُ بِقَدَرٍ ﴾

"തീർച്ചയായും ഏത് വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ള ത് ഒരു വ്യവസ്ഥപ്രകാരമാകുന്നു." [1]

ഇസ്ലാം ദീനിന്റെ മൂന്നാമത്തെ പടി ഇഹ്സാനാണ്. അതിന്റെ അടിസ്ഥാനം ഒരു കാര്യം മാത്രമാകുന്നു. നീ അല്ലാഹുവിനെ കാണുന്നു എന്നതുപോലെ അവനെ ആരാധിക്കുക എന്നതാണത്; നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നു.

അല്ലാഹു പറഞ്ഞു:

﴿ إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَوا۟ وَّٱلَّذِينَ هُم مُّحْسِنُونَ ﴾

"തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പ മാകുന്നു; ഇഹ്സാൻ ഉള്ളവരോടൊപ്പവും." [2]

അല്ലാഹു പറഞ്ഞു:

﴿ وَتَوَكَّلْ عَلَى ٱلْعَزِيزِ ٱلرَّحِيمِ ۝٢١٧ ٱلَّذِى يَرَىٰكَ حِينَ تَقُومُ ۝٢١٨ وَتَقَلُّبَكَ فِى ٱلسَّٰجِدِينَ ۝٢١٩ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ۝٢٢٠ ﴾

"പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവനെ നീ ഭരമേ ല്പിക്കുകയും ചെയ്യുക. നീ നിന്നു പ്രാർത്ഥിക്കുന്ന സമയത്ത്

[1] ഖമർ: 49.

[2] നഹ്ൽ: 128.

നിന്നെ കാണുന്നവനത്രെ അവൻ. സാഷ്ടാംഗം ചെയ്യുന്നവരുടെ കൂട്ടത്തിലുള്ള നിന്റെ ചലനവും (കാണുന്നവൻ). തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ." [1]

അല്ലാഹു പറഞ്ഞു:

﴿وَمَا تَكُونُ فِي شَأْنٍ وَمَا تَتْلُوا مِنْهُ مِن قُرْءَانٍ وَلَا تَعْمَلُونَ مِنْ عَمَلٍ إِلَّا كُنَّا عَلَيْكُمْ شُهُودًا إِذْ تُفِيضُونَ فِيهِ﴾

"(നബിയേ) നീ വല്ല കാര്യത്തിലും ഏർപ്പെടുകയോ, അതിനെപ്പറ്റി ഖുർആനിൽ നിന്ന് വല്ലതും ഓതി കേൾപിക്കുകയോ, നിങ്ങൾ ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യുന്നുവെങ്കിൽ നിങ്ങളതിൽ മുഴുകുന്ന സമയത്ത് നിങ്ങളുടെ മേൽ സാക്ഷിയായി നാം ഉണ്ടാകാതിരിക്കുകയില്ല." [2]

ഈ വിഷയത്തിൽ സുന്നത്തിൽ നിന്നുള്ള തെളിവ് ഉമർ -ﷺ- ഉദ്ധരിക്കുന്ന 'ഹദീഥു ജിബ്രീൽ' എന്നറിയപ്പെടുന്ന പ്രസിദ്ധമായ ഹദീഥാണ്. അതിൽ ഉമർ-ﷺ- പറയുന്നു:

"ഞങ്ങൾ നബി-ﷺ-യുടെ സന്നിധിയിൽ ഇരിക്കുമ്പോൾ തൂവെള്ള വസ്ത്രം ധരിച്ച നല്ല കറുത്ത മുടിയുള്ള ഒരാൾ പ്രത്യക്ഷപ്പെട്ടു. യാത്രയുടെ അടയാളമൊന്നും അദ്ദേഹത്തിൽ കാണുന്നില്ല. എന്നാൽ ഞങ്ങളിൽ നിന്ന് ആരും അദ്ദേഹത്തെ അറിയുകയുമില്ല.

---

[1] ശുഅറാഅ്: 217-220.

[2] യൂനുസ്: 61.

അങ്ങനെ നബി-ﷺ-യുടെ അടുത്ത് അദ്ദേഹം ഇരുന്നു. അദ്ദേഹത്തിന്റെ കാൽമുട്ട് പ്രവാചകന്റെ കാൽമുട്ടിനോട് ചേർത്ത് വെക്കുകയും അദ്ദേഹത്തിന്റെ കൈ തന്റെ കാൽ തുടയിൽ വെക്കുകയും ചെയ്തു.

എന്നിട്ട് അദ്ദേഹം ചോദിച്ചു: ഓ മുഹമ്മദ്! ഇസ്ലാമിനെ കുറിച്ച് എനിക്ക് പറഞ്ഞുതരിക.

പ്രവാചകൻ -ﷺ- പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി-ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും നീ സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, നിർബന്ധ സക്കാത്ത് നൽകുക, റമദാനിൽ വ്രതം അനുഷ്ഠിക്കുക, കഴിവുണ്ടാവുമ്പോൾ കഅ്ബയിൽ പോയി ഹജ്ജ് കർമ്മം നിർവ്വഹിക്കുക.

അദ്ദേഹം പറഞ്ഞു: താങ്കൾ പറഞ്ഞത് സത്യമാണ്.

(ഉമർ-رضي الله عنه- പറയുന്നു): അദ്ദേഹം തന്നെ ചോദിക്കുകയും അദ്ദേഹം തന്നെ ശരിവെക്കുകയും ചെയ്തത് ഞങ്ങളെ ആശ്ചര്യപ്പെടുത്തി.

ആഗതൻ വീണ്ടും ചോദിച്ചു: ഈമാൻ എന്താണെന്ന് എനിക്ക് പറഞ്ഞുതരിക.

പ്രവാചകൻ -ﷺ- പറഞ്ഞു: അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അന്ത്യദിനത്തിലും നൻമയും തിൻമയും അല്ലാഹുവിന്റെ വിധിയനുസരിച്ചാകുന്നു എന്നതിലും (ഖദ്റിലും) വിശ്വസിക്കലാകുന്നു.

ആഗതൻ ചോദിച്ചു: ഇഹ്സാൻ എന്താണെന്ന് എനിക്ക് പറഞ്ഞുതരിക.

നബി-ﷺ- പറഞ്ഞു: അല്ലാഹുവിനെ നീ കാണുന്നു എന്ന തുപോലെ നീ അവനെ ആരാധിക്കലാകുന്നു. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.

ആഗതൻ ചോദിച്ചു: അന്ത്യദിനത്തെക്കുറിച്ച് എനിക്ക് പറഞ്ഞു തരിക. നബി-ﷺ- പറഞ്ഞു: അതിനെക്കുറിച്ച് ചോ ദിക്കപ്പെട്ടവന് ചോദ്യകർത്താവിനെക്കാൾ കൂടുതൽ ജ്ഞാ നമൊന്നുമില്ല.

അദ്ദേഹം പറഞ്ഞു: അതിന്റെ അടയാളങ്ങളെക്കുറിച്ച് എനിക്ക് പറഞ്ഞുതരിക. നബി-ﷺ- പറഞ്ഞു: അടിമ സ്ത്രീ അതിന്റെ യജമാനത്തിയെ പ്രസവിക്കുക, നഗ്നപാദരും വ സ്ത്രമില്ലാത്തവരും പ്രാരാബ്ധക്കാരുമായ ആട്ടിടയൻമാർ കെട്ടിടനിർമാണത്തിൽ മൽസരിക്കുക എന്നിവയാകുന്നു.

ഉമർ -رضي الله عنه- പറയുന്നു: ആഗതൻ പോയി. ഞങ്ങൾ കുറച്ച വിടെ കഴിഞ്ഞു. അപ്പോൾ നബി-ﷺ- ചോദിച്ചു: ആരാണ് ചോദ്യ കർത്താവെന്ന് നിനക്കറിയാമോ ഉമർ?

ഞങ്ങൾ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനു മാണ് നന്നായറിയുക. അപ്പോൾ നബി-ﷺ- പറഞ്ഞു: അത് ജിബ്രീലാകുന്നു നിങ്ങളെ നിങ്ങളുടെ ദീൻ പഠിപ്പിക്കാൻ വന്നതാകുന്നു അദ്ദേഹം." [1]

---

[1] മുസ്ലിം: 8 തിർമിദി: 2610, നസാഈ: 4990, അബൂദാവൂദ്: 4695, ഇബ്നുമാജ: 63, അഹ്മദ്: 1/52.

## നബി -ﷺ- യെ അറിയൽ

അടിസ്ഥാന കാര്യങ്ങളിൽ മൂന്നാമത്തേത് നിങ്ങളുടെ പ്രവാചകൻ മുഹമ്മദ് നബി-ﷺ-യെ അറിയലാകുന്നു.

അവിടുന്ന് ഹാഷിമിന്റെ പുത്രൻ അബ്ദുൽ മുത്വലിബിന്റെ പുത്രൻ അബ്ദുല്ലയുടെ പുത്രൻ മുഹമ്മദാകുന്നു. ഹാഷിം ഖുറൈഷിയും ഖുറൈഷികൾ അറബികളിൽ പെട്ടവരുമാകുന്നു.

അറബികൾ ഇബ്റാഹീം നബി-ﷺ- യുടെ പുത്രൻ ഇസ്മാഈലി-ﷺ- ന്റെ സന്താന പരമ്പരയിൽ പെട്ടവരാണ്. അവരുടെ മേലും നമ്മുടെ പ്രവാചകന്റെ മേലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും രക്ഷയുമുണ്ടാവട്ടെ.

അവിടുന്ന് 63 വർഷം ജീവിച്ചു. അതിൽ 40 വർഷം പ്രവാചകത്വത്തിന് മുമ്പും 23 വർഷം നബിയും റസൂലുമായാണ് ജീവിച്ചത്.

ഖുർആനിൽ "നീ വായിക്കുക" എന്നർത്ഥം വരുന്ന സൂറത്തുൽ അലഖിലെ ആദ്യ വചനങ്ങൾ അവതരിച്ചതോടെ അവിടുന്ന് നബിയായി. മുദ്ദസ്സിർ എന്ന സൂറത്തിലെ ആദ്യ ആയത്തുകൾ അവതരിച്ചതോടെ അവിടുന്ന് പ്രബോധന ബാധ്യതയുള്ള റസൂലുമായി.

മക്കയാണ് നബിയുടെ നാട്. തൗഹീദിലേക്ക് ക്ഷണിക്കാനും ശിർക്കിനെതിരിൽ ജനങ്ങളെ താക്കീതു നൽകാനുമായി അവിടുത്തെ അല്ലാഹു നിയോഗിച്ചു.

അല്ലാഹു പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلۡمُدَّثِّرُ ١ قُمۡ فَأَنذِرۡ ٢ وَرَبَّكَ فَكَبِّرۡ ٣ وَثِيَابَكَ فَطَهِّرۡ ٤ وَٱلرُّجۡزَ فَٱهۡجُرۡ ٥ وَلَا تَمۡنُن تَسۡتَكۡثِرُ ٦ وَلِرَبِّكَ فَٱصۡبِرۡ ٧ ﴾

"ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ച് കൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിന്റെ രക്ഷിതാവിന് വേണ്ടി നീ ക്ഷമ കൈക്കൊള്ളുക." [1]

"നീ എഴുന്നേറ്റ് താക്കീത് ചെയ്യുക" എന്നതിന്റെ അർത്ഥം തൗഹീദിലേക്ക് ക്ഷണിക്കുകയും ശിർക്കിനെക്കുറിച്ച് താക്കീത് നൽകുകയും ചെയ്യുക എന്നാകുന്നു.

"രക്ഷിതാവിനെ മഹത്വപ്പെടുത്തുക" എന്നാൽ അല്ലാഹുവിനെ ഏകനാക്കിക്കൊണ്ട് അവനെ മഹത്വപ്പെടുത്തലാകുന്നു.

"വസ്ത്രങ്ങൾ ശുദ്ധിയാക്കുക" എന്നാൽ പ്രവർത്തനങ്ങളെ ശിർക്കിൽ നിന്നും മുക്തമാക്കലാകുന്നു.

"പാപം വെടിയുക" എന്നാൽ ബിംബങ്ങളെയും അതിന്റെ ആളുകളെയും വെടിയലാകുന്നു. അവയിൽ നിന്നും അവയുടെ ആളുകളിൽ നിന്നും ബന്ധവിച്ഛേദനം നടത്തുക.

പ്രവാചകൻ -ﷺ- പത്ത് വർഷം ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിച്ചു. അതിന് ശേഷം അവിടുന്ന് ആകാശാരോഹണം ചെയ്യപ്പെടുകയും നമസ്കാരം നിർബന്ധമാക്കപ്പെടുക

[1] മുദ്ധസ്സിർ: 1-7.

യും ചെയ്തു. മൂന്ന് വർഷം മക്കയിൽ അവിടുന്ന് -ﷺ- നമസ്കാരം നിർവ്വഹിച്ചു.

അതിന് ശേഷം മദീനയിലേക്ക് ഹിജ്റ (പാലായനം) ചെയ്യാൻ അവിടുത്തേക്ക് അല്ലാഹുവിന്റെ കൽപന ലഭിച്ചു. ഹിജ്റ എന്നാൽ ശിർക്കിന്റെ നാട്ടിൽ നിന്ന് ഇസ്ലാമിന്റെ നാട്ടിലേക്കുള്ള പലായനമാകുന്നു.

ശിർക്കിന്റെ നാട്ടിൽ നിന്ന് ഇസ്ലാമിന്റെ നാട്ടിലേക്കുള്ള പലായനം ഈ ഉമ്മത്തിന് മേൽ നിർബന്ധമാകുന്നു. അതാകട്ടെ, അന്ത്യനാൾ വരെ നിർബന്ധവുമാണ്.

അതിനുള്ള തെളിവ് അല്ലാഹുവിൻ്റെ വാക്കാണ്:

﴿ إِنَّ ٱلَّذِينَ تَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ ظَالِمِىٓ أَنفُسِهِمْ قَالُوا۟ فِيمَ كُنتُمْ ۖ قَالُوا۟ كُنَّا مُسْتَضْعَفِينَ فِى ٱلْأَرْضِ ۚ قَالُوٓا۟ أَلَمْ تَكُنْ أَرْضُ ٱللَّهِ وَٰسِعَةً فَتُهَاجِرُوا۟ فِيهَا ۚ فَأُو۟لَٰٓئِكَ مَأْوَىٰهُمْ جَهَنَّمُ ۖ وَسَآءَتْ مَصِيرًا ﴿٩٧﴾ إِلَّا ٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ وَٱلْوِلْدَٰنِ لَا يَسْتَطِيعُونَ حِيلَةً وَلَا يَهْتَدُونَ سَبِيلًا ﴿٩٨﴾ فَأُو۟لَٰٓئِكَ عَسَى ٱللَّهُ أَن يَعْفُوَ عَنْهُمْ ۚ وَكَانَ ٱللَّهُ عَفُوًّا غَفُورًا ﴿٩٩﴾ ﴾

"(അവിശ്വാസികളുടെ ഇടയിൽതന്നെ ജീവിച്ചു കൊണ്ട്) സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും: നിങ്ങളെന്തൊരു നിലപാടിലായിരുന്നു? അവർ പറയും: ഞങ്ങൾ നാട്ടിൽ അടിച്ചൊതുക്കപ്പെട്ടവരായിരുന്നു.

അവർ (മലക്കുകൾ) ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വിട്ട് എവിടെയെങ്കിലും (ഹിജ്റ) പോകാമായിരുന്നല്ലോ.

എന്നാൽ അത്തരക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം. എന്നാൽ യാതൊരുപായവും സ്വീകരിക്കാതെ, ഒരു രക്ഷാമാർഗവും കണ്ടെത്താനാകാതെ അടിച്ചൊതുക്കപ്പെട്ടവരായി കഴിയുന്ന പുരുഷൻമാരും സ്ത്രീകളും കുട്ടികളും ഇതിൽ നിന്നൊഴിവാകുന്നു. അത്തരക്കാർക്ക് അല്ലാഹു മാപ്പു നൽകുന്നതാണ്. അല്ലാഹു അത്യധികം മാപ്പ് നല്കുന്നവനും ഏറെ പൊറുക്കുന്നവനുമാകുന്നു." [1]

അല്ലാഹു പറഞ്ഞു:

﴿يَٰعِبَادِيَ ٱلَّذِينَ ءَامَنُوٓاْ إِنَّ أَرۡضِي وَٰسِعَةٞ فَإِيَّٰيَ فَٱعۡبُدُونِ ٥٦﴾

"വിശ്വസിച്ചവരായ എന്റെ ദാസന്മാരെ, തീർച്ചയായും എന്റെ ഭൂമി വിശാലമാകുന്നു. അതിനാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കുവിൻ." [2]

ഇമാം ബഗവി -ﷺ- പറഞ്ഞു: ഈ ആയത്ത് മക്കയിലുള്ള ഹിജ്റഃ ചെയ്യാത്ത മുസ്‌ലിംകളുടെ വിഷയത്തിലാണ് അവതരിച്ചത്. അവരെ അല്ലാഹു "വിശ്വാസികളേ" എന്നാണ് അഭിസംബോധന ചെയ്തത്.

ഹിജ്റക്ക് സുന്നത്തിൽ നിന്നുള്ള തെളിവാണ് നബി-ﷺ-യുടെ ഈ വചനം:

---

[1] നിസാഅ്: 97-99.

[2] അൻകബൂത്: 56.

«لَا تَنْقَطِعُ الهِجْرَةُ حَتَّى تَنْقَطِعَ التَّوْبَةُ، وَلَا تَنْقَطِعُ التَّوْبَةُ حَتَّى تَطْلُعَ الشَّمْسُ مِنْ مَغْرِبِهَا»

"പശ്ചാത്താപം സ്വീകരിക്കപ്പെടാതാകുന്നത് വരെ ഹിജ്റ ഇല്ലാതെയാവുകയില്ല. സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുന്നത് വരെ പശ്ചാത്താപം സ്വീകരിക്കപ്പെടാതിരിക്കുകയില്ല." [1]

മദീനയിൽ നബി-ﷺ-യുടെ വാസം സ്ഥിരമായപ്പോൾ സകാത്ത്, നോമ്പ്, ഹജ്ജ്, ബാങ്ക്, ജിഹാദ്, നന്മ കൽപിക്കുക തിന്മ വിരോധിക്കുക തുടങ്ങിയ മതനിയമങ്ങൾ നിയമമാക്കപ്പെട്ടു. പത്ത് വർഷം ഇതനുസരിച്ച് അവിടുന്ന് -ﷺ- കഴിച്ചുകൂട്ടി.

ശേഷം പ്രവാചകൻ-ﷺ- ഇഹലോകവാസം വെടിഞ്ഞു. അവിടുന്ന് പ്രബോധനം ചെയ്ത മതം എന്നും നിലനിൽക്കുന്നതാണ്. ഒരു നന്മയെയും അവിടുന്ന് -ﷺ- സമൂഹത്തെ അറിയിക്കാതെ പോയിട്ടില്ല. ഒരു തിൻമയെക്കുറിച്ചും നബി -ﷺ- താക്കീത് നൽകാതെയും ഉപേക്ഷിച്ചിട്ടില്ല.

നബി -ﷺ- സമൂഹത്തിന് മാതൃക കാണിച്ച നന്മകളിൽ പെട്ടതാണ് തൗഹീദും അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന മുഴുവൻ കാര്യങ്ങളും. അവിടുന്ന് -ﷺ- താക്കീത് നൽകിയ തിന്മകളിൽ പെട്ടതാണ് ശിർക്കും അല്ലാഹു വിരോധിച്ചതും അവൻ അനുവദിക്കാത്തതുമായ മുഴുവൻ കാര്യങ്ങളും.

[1] അബൂദാവൂദ്: 2479, അഹ്മദ്: 4/99, ദാരിമീ: 2513.

റസൂൽ -ﷺ- മുഴുവൻ ജനങ്ങളിലേക്കുമായാണ് നിയോഗിക്കപ്പെട്ടത്. മനുഷ്യർക്കും ജിന്നുകൾക്കും നബിയെ അനുസരിക്കൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു.

അല്ലാഹു പറഞ്ഞു:

﴿قُلۡ يَـٰٓأَيُّهَا ٱلنَّاسُ إِنِّي رَسُولُ ٱللَّهِ إِلَيۡكُمۡ جَمِيعًا﴾

"പറയുക: ഹേ മനുഷ്യരേ! തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു." [1]

അല്ലാഹു നബി -ﷺ- മുഖേന മതം പൂർത്തിയാക്കി. അതിനുള്ള തെളിവ് അല്ലാഹുവിൻ്റെ വാക്കാണ്:

﴿ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ عَلَيۡكُمۡ نِعۡمَتِي وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗا﴾

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു, മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു." [2]

നബി-ﷺ-യുടെ മരണമറിയിക്കുന്ന അല്ലാഹുവിന്റെ വചനം കാണുക:

[1] അഅ്റാഫ്: 158.

[2] മാഇദഃ: 3.

﴿إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ۝٣٠ ثُمَّ إِنَّكُمْ يَوْمَ ٱلْقِيَـٰمَةِ عِندَ رَبِّكُمْ تَخْتَصِمُونَ ۝٣١﴾

"തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു. പിന്നീട് നിങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ വെച്ച് തർക്കം കൂടുന്നതാണ്." [1]

ജനങ്ങൾ മരിച്ചാൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടും. അല്ലാഹു പറഞ്ഞു:

﴿۞ مِنْهَا خَلَقْنَـٰكُمْ وَفِيهَا نُعِيدُكُمْ وَمِنْهَا نُخْرِجُكُمْ تَارَةً أُخْرَىٰ ۝٥٥﴾

"അതിൽ (ഭൂമിയിൽ) നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്ക് തന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽ നിന്ന് തന്നെ മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറത്ത് കൊണ്ടു വരികയും ചെയ്യും." [2]

അല്ലാഹു പറഞ്ഞു:

﴿وَٱللَّهُ أَنۢبَتَكُم مِّنَ ٱلْأَرْضِ نَبَاتًا ۝١٧ ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ۝١٨﴾

"അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്ന് ഒരു മുളപ്പിക്കൽ മുളപ്പിച്ചിരിക്കുന്നു. പിന്നെ അതിൽ തന്നെ നിങ്ങളെ അവൻ

---

[1] സുമർ: 30-31.

[2] ത്വാഹാ: 55.

മടക്കുകയും നിങ്ങളെ ഒരിക്കൽ അവൻ പുറത്തുകൊണ്ട് വരികയും ചെയ്യുന്നതാണ്." [1]

അന്ത്യനാളിൽ അല്ലാഹു അവരെ വീണ്ടും ജീവിപ്പിച്ച ശേഷം അവർ വിചാരണ ചെയ്യപ്പെടുകയും പ്രവർത്തനങ്ങൾക്കനുസൃതമായി അവർക്കെല്ലാം പ്രതിഫലം നൽകപ്പെടുകയും ചെയ്യും. അല്ലാഹു പറഞ്ഞു:

﴿وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ لِيَجۡزِيَ ٱلَّذِينَ أَسَٰٓـُٔواْ بِمَا عَمِلُواْ وَيَجۡزِيَ ٱلَّذِينَ أَحۡسَنُواْ بِٱلۡحُسۡنَى ٣١﴾

"അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. തിന്മ പ്രവർത്തിച്ചവർക്ക് അവർ ചെയ്തതനുസരിച്ച് അവൻ പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ അത്. നന്മ പ്രവർത്തിച്ചവർക്ക് അവൻ ഏറ്റവും നല്ല പ്രതിഫലം നൽകുവാൻ വേണ്ടിയും." [2]

അന്ത്യനാളിലെ ഉയിർത്തെഴുന്നേൽപിനെ ആരെങ്കിലും നിഷേധിച്ചാൽ അവൻ കാഫിറായി. അല്ലാഹു പറഞ്ഞു:

﴿زَعَمَ ٱلَّذِينَ كَفَرُوٓاْ أَن لَّن يُبۡعَثُواْۚ قُلۡ بَلَىٰ وَرَبِّي لَتُبۡعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلۡتُمۡۚ وَذَٰلِكَ عَلَى ٱللَّهِ يَسِيرٞ ٧﴾

---

[1] നൂഹ്: 17-18.

[2] നജ്മ്: 31.

"തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ (കാഫിറുകൾ) ജൽപിച്ചു. (നബിയേ) പറയുക: അതെ, എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു." [1]

മുഴുവൻ പ്രവാചകന്മാരെയും അല്ലാഹു താക്കീതുകാരും സന്തോഷവാർത്ത അറിയിക്കുന്നവരുമായിട്ടാണ് നിയോഗിച്ചത്. അല്ലാഹു പറഞ്ഞ ഈ വചനം ഇതിനു തെളിവാണ്:

﴿رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى ٱللَّهِ حُجَّةُۢ بَعۡدَ ٱلرُّسُلِ﴾

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്." [2]

ജനങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ആ റസൂലുകളിൽ ആദ്യത്തെ പ്രവാചകനാണ് നൂഹ്-ﷺ-. അവസാനത്തെ പ്രവാചകനാണ് പ്രവാചകപരമ്പരക്ക് അന്ത്യം കുറിച്ച മുഹമ്മദ് നബി-ﷺ-.

ആദ്യത്തെ പ്രവാചകൻ നൂഹ്-ﷺ- ആണ് എന്നുള്ളതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്.

[1] തഗാബുൻ: 7.

[2] നിസാഅ്: 165.

﴿ إِنَّآ أَوۡحَيۡنَآ إِلَيۡكَ كَمَآ أَوۡحَيۡنَآ إِلَىٰ نُوحٖ وَٱلنَّبِيِّـۧنَ مِنۢ بَعۡدِهِۦۚ ﴾

"(നബിയേ) നൂഹിനും അദ്ദേഹത്തിന് ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു." [1]

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന് കൽപിച്ച് കൊണ്ടും അവനു പുറമെ ജനങ്ങൾ ആരാധിക്കുന്നവരെ ആരാധിക്കുന്നത് വിലക്കിക്കൊണ്ടും നൂഹ്-ﷺ- മുതൽ മുഹമ്മദ് നബി-ﷺ- വരെയുള്ള റസൂലുകളെ അല്ലാഹു ഓരോ സമൂഹത്തിലേക്കും നിയോഗിച്ചു.

അല്ലാഹു പറഞ്ഞ ഈ വചനമാണ് തെളിവ്:

﴿ وَلَقَدۡ بَعَثۡنَا فِي كُلِّ أُمَّةٖ رَّسُولًا أَنِ ٱعۡبُدُواْ ٱللَّهَ وَٱجۡتَنِبُواْ ٱلطَّٰغُوتَ ﴾

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട് നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യാൻ വേണ്ടി)." [2]

അല്ലാഹുവിനെ ആരാധിക്കലും അവനു പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കലും അല്ലാഹു മുഴുവൻ അടിമകൾക്കും മേൽ നിർബന്ധമാക്കിയിരിക്കുന്നു.

---

[1] നിസാഅ്: 163.

[2] നഹ്ൽ: 36.

ഇബ്നുൽ ഖയ്യിം-ﷺ- പറഞ്ഞു: ത്വാഗൂത്ത് എന്നാൽ അനുസരിക്കപ്പെടുന്നതിലും പിൻപറ്റപ്പെടുന്നതിലും ആരാധിക്കപ്പെടുന്നതിലും ഒരു അടിമ അതിര് കവിയുന്ന മുഴുവൻ വസ്തുക്കളുമാകുന്നു.

ത്വാഗൂത്തുകൾ ധാരാളമുണ്ട്; അവയിൽ പ്രധാനമായവ അഞ്ചെണ്ണമാകുന്നു. ഇബ്ലീസ് (അല്ലാഹുവിന്റെ ശാപം അവനിലുണ്ടാവട്ടെ), തന്നെ ജനങ്ങൾ ആരാധിക്കുന്നതിൽ തൃപ്തിയടയുന്നവൻ, ജനങ്ങളെ തന്നെ ആരാധിക്കുവാൻ ക്ഷണിക്കുന്നവൻ, അദൃശ്യജ്ഞാനത്തിൽ നിന്ന് വല്ലതും അറിയുമെന്ന് വാദിക്കുന്നവൻ, അല്ലാഹു അവതരിപ്പിക്കാത്തത് കൊണ്ട് വിധിക്കുന്നവൻ എന്നിവയാകുന്നു അവ.

തെളിവ് അല്ലാഹുവിൻ്റെ ഈ വാക്കാണ്:

﴿لَآ إِكۡرَاهَ فِي ٱلدِّينِۖ قَد تَّبَيَّنَ ٱلرُّشۡدُ مِنَ ٱلۡغَيِّۚ فَمَن يَكۡفُرۡ بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا ٱنفِصَامَ لَهَاۗ وَٱللَّهُ سَمِيعٌ عَلِيمٌ ٢٥٦﴾

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു, ആകയാൽ ഏതൊരാൾ ത്വാഗൂതിനെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകു

ന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു." [1]

ഇതാണ് ലാഇലാഹ ഇല്ലല്ലാഹു എന്നതിന്റെ ആശയം.

«رَأْسُ الأَمْرِ الإِسْلَامُ، وَعَمُودُهُ الصَّلَاةُ، وَذِرْوَةُ سَنَامِهِ الجِهَادُ فِي سَبِيلِ اللَّهِ»

നബി -ﷺ- പറഞ്ഞു: "കാര്യങ്ങളുടെ ശിരസ്സ് ഇസ്ലാമാകുന്നു; അതിന്റെ തൂൺ നമസ്കാരമാകുന്നു, അതിന്റെ ഉന്നതി അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മസമരമാകുന്നു." [2]

അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

☆☆☆

[1] ബഖറ: 256.

[2] തിർമിദി: 2616, ഇബ്നുമാജ: 3973, അഹ്മദ്: 5/246.

# ഉള്ളടക്കം

ആമുഖം (പ്രസാധകൻ).......................................... 3
നിർബന്ധമായും പഠിക്കേണ്ട കാര്യങ്ങൾ ........... 7
ആരാധനകളുടെ ഇനങ്ങൾ ................................. 18
ഇസ്-ലാമിനെ അറിയൽ ..................................... 26
നബി -ﷺ- യെ അറിയൽ ..................................... 36